# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 3883**

**21.10.2016 - ൽ**
**മറുപടിക്ക്**

### പരമ്പരാഗത നെൽവിത്തിനങ്ങളുടെ സംരക്ഷണം

**ചോദ്യം**
**ശ്രീ. മഞ്ഞളാംകുഴി അലി**

**മറുപടി**
**ശ്രീ. വി. എസ്. സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
| --- | --- |
| **എ)** സംസ്ഥാനത്തിന്റെ പരമ്പരാഗത നെൽ വിത്തിനങ്ങളായ ഞവര, ഗന്ധകശാല, ജീരകശാല, പൊക്കാളി തുടങ്ങിയവ തിരികെ കൊണ്ടുവരുന്നതിനും ഇവയുടെ കൃഷി വ്യാപിപ്പിക്കുന്നതിനുമായി എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടോ; | **എ)** സംസ്ഥാനത്തിന്റെ പരമ്പരാഗത നെൽവിത്തിനങ്ങളായ ഞവര, ഗന്ധകശാല, ജീരകശാല, പൊക്കാളി തുടങ്ങിയവ തിരികെ കൊണ്ടു വരുന്നതിനും ഇവയുടെ കൃഷി വ്യാപിപ്പിക്കുന്നതിനുമായി "പ്രത്യേക നെല്ലിനങ്ങളുടെ വികസനം" എന്ന പദ്ധതി പ്രകാരം ഒരു ഹെക്ടറിന് 10,000/- രൂപ ധനസഹായം നൽകി (1500 ഹെക്ടറിൽ) പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ആയതിനായി 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രധാനമായും ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലാണ് നടപ്പിലാക്കി വരുന്നത്. ഞവര, ഗന്ധകശാല, ജീരകശാല, പൊക്കാളി നെൽവിത്തുകൾക്ക് കൃഷിക്കാരുടെ സഹായത്തോടെ കേരള കാർഷിക സർവ്വകലാശാല മുൻകൈ എടുത്ത് കേന്ദ്ര സർക്കാരിന്റെ 'ജി.ഐ. രജിസ്ട്രേഷൻ' എടുത്തുനൽകിയിട്ടുണ്ട്. കൂടാതെ പരമ്പരാഗത വിത്തിനങ്ങളുടെ ഒരു ശേഖരം ഉണ്ടാക്കുന്നതിന് (വിത്ത്ബാങ്ക്) നടപടി ആരംഭിച്ചുകഴിഞ്ഞു. |
| **ബി)** അമൂല്യമായ കിഴങ്ങുവർഗ്ഗങ്ങൾ, നാടൻ പച്ചക്കറികൾ, ഇലവർഗ്ഗങ്ങൾ എന്നിവയുടെ വിത്തിനങ്ങൾ വിത്ത് ബാങ്കിൽ സംരക്ഷിക്കുന്ന കാര്യം പരിഗണിക്കുമോ; | **ബി)** കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായതും സവിശേഷതകൾ ഉള്ളതുമായ നിരവധി നാടൻ നെല്ലിനങ്ങൾ ഉണ്ട്. ഇവയുടെ ജനിതകശേഖരം കാത്തു സൂക്ഷിക്കുന്നതിനും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി വിത്ത് ബാങ്ക് എന്ന ആശയം പ്രാവർത്തികമാക്കാൻ കൃഷി വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. 2016-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പരമ്പരാഗത വിത്തിനങ്ങൾ സംരക്ഷിക്കുന്നതിന് 3 കോടി രൂപ വകയിരുത്തുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്. അമൂല്യമായ കിഴങ്ങുവർഗ്ഗങ്ങൾ, നാടൻ പച്ചക്കറികൾ, ഇലവർഗ്ഗങ്ങൾ എന്നിവ വിത്തുബാങ്കിലൂടെ സംരക്ഷിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. ഇതിനായുള്ള പദ്ധതി നിർദ്ദേശം കൃഷി വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. |
| **സി)** അന്യം നിന്നു പോകുന്ന വിത്തിനങ്ങൾ സംരക്ഷിച്ച് സൂക്ഷിക്കുന്നവരെയും കർഷക ക്ലബ്ബുകളെയും പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ എന്തെങ്കിലും സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | **സി)** ഗവൺമെന്റ് എല്ലാ വിധ പിന്തുണയും നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ